"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിങ് വിഭാഗം- ഒറ്റപ്പാലം നഗരസഭ-ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിലെ ക്രമക്കേടുകൾ- ഓവർസിയർ ശ്രീ.ശ്രീകുമാർ (PEN:686892)-നെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(EWA) വകുപ്പ്

സ.ഉ.(സാധാ) നം.160/2026/LSGD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-

1. വിജിലൻസ് (D) വകുപ്പിൽ നിന്നുള്ള 10.08.21-ലെ വിജി-D1/322/2019/വിജി നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 22-09.2020-ലെ E12(PE 9/19/PKD) 6458/19 നം. കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 20/07/2022-ലെ 15/16323/2021/CE/LID&EW നമ്പർ കത്ത്.
4. 31-10-2022-ലെ 266/EWA4/2021/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
5. ശ്രീ.ശ്രീകുമാർ സമർപ്പിച്ച 28.12.2022-ലെ പ്രതിവാദപത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25-10-2023-ലെ LSGD/PD/33905/2023-VIGD1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഒറ്റപ്പാലം നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ പ്രാഥമികാന്വേഷണത്തിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു:

1) ഒറ്റപ്പാലം നഗരസഭ പാലാട്ട്-മൈലുംപുറം റോഡിൽ സ്ഥിതി ചെയ്യുന്ന ശ്രീവത്സം ഹോംസ് എന്ന റസിഡൻഷ്യൽ ഫ്ലാറ്റിനും സെൻഗുപ്ത റോഡിൽ സ്ഥിതി ചെയ്യുന്ന ലാഡ്ലർ തറവാട് എന്ന കമേഴ്സ്യൽ കം റസിഡൻഷ്യൽ ഫ്ലാറ്റിനും പെർമിറ്റ് അനുവദിക്കുന്ന സമയം ഫീസ്, അധിക തറനികുതി എന്നിവ കണക്കാക്കിയതിൽ മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയർ ശ്രീ.ശ്രീകുമാർ, അസി.എഞ്ചിനീയർ ശ്രീ അൻസാർ അഹമ്മദ് എന്നിവർക്ക് വീഴ്ച സംഭവിച്ചു.

2) മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയർ ശ്രീ.ശ്രീകുമാർ, അസി.എഞ്ചിനീയർ ശ്രീ അൻസാർ അഹമ്മദ് എന്നിവർ അറ്റന്റൻസ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി പരിപാലിക്കുന്നില്ല.

2. മേൽക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശിപാർശ പ്രകാരം ഒറ്റപ്പാലം നഗരസഭയിലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ശ്രീകുമാറിനെതിരെ KCS (CC&A) Rules 1960-യിലെ ചട്ടം 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള പരാമർശം 4 കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3. അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.അൻസാർ അഹമ്മദ് 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ, ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ പ്രത്യേകമായി സ്വീകരിച്ചുവരുന്നുണ്ട്.

4. കുറ്റപത്രത്തിന് **ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ.ശ്രീകുമാർ സമർപ്പിച്ച പരാമർശം 5 പ്രതിവാദപത്രികയിൽ,** 36 ച.കി.മീറ്റർ വിസ്തീർണ്ണവും 36 വാർഡുകളുമുള്ള ഒറ്റപ്പാലം നഗരസഭയിൽ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുപോകുന്നതിന് ഒരു ഓവർസിയറും ഒരു അസി.എഞ്ചിനീയറും മാത്രമാണ് ഉണ്ടായിരുന്നതെന്നും, പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ അതിരാവിലെ തന്നെ എത്തിപ്പെടേണ്ടി വന്നു എന്നും പലയിടത്തും പല സമയങ്ങളിലായി പ്രവൃത്തി നടക്കുമ്പോൾ ഫീൽഡ് സ്റ്റാഫെന്ന നിലയിൽ അവിടങ്ങളിൽ എത്തിച്ചേരേണ്ടി വന്നിരുന്നു എന്നും, ഓഫീസ് സമയം കഴിഞ്ഞും സേവനത്തിൽ ഏർപ്പെടേണ്ടിവന്നിരുന്നു എന്നും, അതൊക്കെ നഗരസഭയുടെ സുഗമമായ പ്രവർത്തനം ലക്ഷ്യം വച്ച് ചെയ്തുപോന്നു എന്നും ഇത്രയും തിരിക്കിനിടയിൽ ചിലകാര്യങ്ങളിൽ വന്നുപോയ മറവിയാണ് കുറ്റാരോപണ പത്രികയിലെ 1 മുതൽ 3 വരെയുള്ളഅറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ് വച്ചിട്ടില്ല, ഒരു ദിവസം പോലും പേഴ്സണൽ ക്യാഷ് ഡിക്ലയർ ചെയ്തിട്ടില്ലാത്തതാണ്, മൂവ്മെന്റ് രജിസ്റ്ററിൽ മൂവ്മെന്റ് വ്യക്തമായി എഴുതിക്കാണുന്നില്ല എന്നീ ആരോപണങ്ങൾക്ക് കാരണമെന്നും പ്രവൃത്തി പൂർത്തീകരിച്ചു എന്ന് കാണിച്ച് ഉടമസ്ഥനും പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറും ഒപ്പുവെച്ച് സമർപ്പിച്ചിരുന്ന അപേക്ഷ പ്രകാരം സ്ഥലപരിശോധനനടത്തി കെട്ടിടം ഉപയോഗിക്കാൻ സാധ്യമാകുന്ന തരത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാലാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളതെന്നും, നികുതിയിൽ ഒരുകുറവും വരുത്താതെ റവന്യൂവിഭാഗത്തിൽനിന്നും ടി കെട്ടിടത്തിന് നികുതി ഈടാക്കിയിട്ടുള്ളതാണെന്നും, കൂടാതെ കടമുറി ഒരുക്കുന്നതിന്റെ ഭാഗമായി ചില ഇന്റീരിയർ പ്രവൃത്തികൾ മാത്രമാണ് നടത്തിയിരുന്നതെന്നും നാലാമത്തെ ആരോപണത്തിന്മേലും സെൻ ഗുപ്ത റോഡിൽ സ്ഥിതിചെയുന്ന "ലാഡർ" എന്ന സ്ഥാപനത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് അനുമതി നൽകുന്നതിന് മുമ്പുതന്നെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതായി കണ്ടെത്തിയതിനാൽ ആയത് നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ പ്രധാന പ്രവേശനമാർഗം സെൻഗുപ്തറോഡിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് ചെങ്കുത്തായി ചെരിഞ്ഞുകിടക്കുന്നവിധത്തിൽ നിലനിന്നിരുന്ന സ്ഥലത്താണെന്നും, ഭൂമിയുടെചരിവ് പൂർണമായും ഉപയോഗിച്ചുകൊണ്ടാണ് കെട്ടിടത്തിന്റെ രൂപഘടന തയ്യാറാക്കിയിട്ടുള്ളതും പ്രവൃത്തി നടത്തിയിട്ടുള്ളതും എന്നും അസ്ഥിവാരത്തിന് വേണ്ട കുഴിക്കലുകളും നാമമാത്രമായ പ്രതലം നിരപ്പാക്കലുമാണ് ടി സ്ഥലത്ത് നടത്തിയിട്ടുള്ളതെന്നും ആയതിന് അനുമതി ആവശ്യമില്ലാത്തതാണെന്നും 5-ാമത്തെ ആരോപണത്തിന്മേലും ടൗൺപ്ലാനിങ്ങ്സ്കീമുമായി ബന്ധപ്പെട്ട് കെട്ടിടത്തിലേക്കുള്ള പ്രധാനപ്രവേശനമാർഗത്തിന് വീതിവർദ്ധനവുമായി ബന്ധപ്പെട്ട് ഉടലെടുത്ത

പ്രശ്നങ്ങളാണ് ആറാമത്തെ ആരോപണത്തിന് അടിസ്ഥാനമെന്നും, എന്നിരുന്നാലും ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിൽ നിർദ്ദേശിച്ച അത്രയും തുകയായ 5,09,828/- രൂപ അപേക്ഷകരിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്നും മേൽവസ്തുതകളും വിശദീകരണവും കണക്കിലെടുത്തും പരിശോധന നടത്തിയ വിഷയങ്ങളിൽ യാതൊരുവിധത്തിലുള്ള ചട്ടലംഘനങ്ങളോ സർക്കാരിനോ നഗരസഭയ്ക്കോ യാതൊരുവിധത്തിലുള്ള ധനനഷ്ടമോ ഉണ്ടാക്കിയിട്ടില്ല എന്നതിനാലും മന:പൂർവ്വമല്ലാതെ, സാഹചര്യങ്ങളുടെ പ്രത്യേകതകൾ മൂലം ഉണ്ടായ അവ്യക്തതകളും അപാകതകളും ആണെന്ന് കണ്ട് തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ബോധിപ്പിച്ചു.

5. **പ്രിൻസിപ്പൽ ഡയറക്ടർ പ്രതിവാദപത്രികയിന്മേൽ നൽകിയ അഭിപ്രായകുറിപ്പിൽ** പെർമിറ്റ് നൽകൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ മേൽനോട്ടം വഹിക്കൽ തുടങ്ങിയ സമയബന്ധിതമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ഓവർസിയറും ഒരു അസിസ്റ്റന്റ് എൻജിനീയറും മാത്രമാണ് അക്കാലയളവിൽ ഉണ്ടായിരുന്നതെന്നും കൂടുതൽ സമയവും ഫീൽഡിൽ ചെലവഴിക്കേണ്ടി വന്നു എന്നതുമെല്ലാം ശരിയാണെങ്കിൽ തന്നെയും കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തേണ്ട ഹാജർ പുസ്തകം, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നീ രജിസ്റ്ററുകളിൽ രേഖപ്പെടുത്തൽ നടത്താത്തത് അംഗീകരിക്കാവുന്നതല്ല എന്നും ജി.ഐ ഷീറ്റിട്ട് മേൽക്കൂര നിർമ്മാണ പ്രവൃത്തി ഒക്യുപൻസി അനുവദിച്ചതിന് ശേഷം പിന്നീട് നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തിയാണെന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ 4-ാം ക്രമക്കേടിന് ടിയാൻ നൽകിയിട്ടുള്ള മറുപടി പരിഗണിക്കാവുന്നതാണെന്നും 5,6 ക്രമക്കേടുകൾ പരിശോധിച്ചതിൽ ടിയാന്റെ ഭാഗത്ത് ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അഭിപ്രായപ്പെട്ടു.

6. വിജിലൻസ് അന്വേഷണ റിപ്പോർട്ട്, ശ്രീ.ശ്രീകുമാർ സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. സ്റ്റാഫിന്റെ കുറവ്, ജോലിത്തിരക്ക്, സർക്കാരിനോ നഗരസഭയ്ക്കോ ധനനഷ്ടം ഉണ്ടാക്കിയിട്ടില്ല എന്നിവയാണ് പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിയ്ക്കുന്ന വാദങ്ങൾ. അറ്റന്റൻസ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവയിൽ ശ്രീ. ശ്രീകുമാർ, ഒന്നാം ഗ്രേഡ് ഓവർസിയർ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തിയിരുന്നില്ല. ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ശ്രീവത്സം ഹോംസ് എന്ന റസിഡൻഷ്യൽ ഫ്ലാറ്റിനും സെൻഗുപ്തറോഡിൽ സ്ഥിതി ചെയ്യുന്ന ലാഡ്സർ തറവാട് എന്ന കമേഴ്സ്യൽ കം റസിഡൻഷ്യൽ ഫ്ലാറ്റിനും പെർമിറ്റ് അനുവദിക്കുമ്പോൾ ഫീസ്, അധികതറനികുതി എന്നിവ കണക്കാക്കിയതിൽ വീഴ്ചയുണ്ടായിട്ടുണ്ടന്ന് ടിയാൻ സമ്മതിക്കുന്നുണ്ട്. വിജിലൻസ് മിന്നൽ പരിശോധന ടിയാന്റെ വീഴ്ച വെളിവാക്കുകയാൽ ആയത് പരിഹരിക്കുകയുണ്ടായതായി കാണുന്നു. വിജിലൻസ് മിന്നൽ പരിശോധന നടന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുതവീഴ്ച സർക്കാരിനു ധനനഷ്ടമുണ്ടാക്കുമായിരുന്നു. കൂടാതെ ആറാമത്തെ ആരോപണത്തിന് ടൗൺ പ്ലാനിങ്ങ് സ്കീമുമായി ബന്ധപ്പെട്ട് കെട്ടിടത്തിലേക്കുള്ള പ്രധാന പ്രവേശനമാർഗത്തിന്റെ

വീതിവർദ്ധനവുമായി ബന്ധപ്പെട്ട് ഉടലെടുത്ത പ്രശ്നങ്ങളാണ് ടി ആരോപണത്തിന് അടിസ്ഥാനമെന്നും, എന്നിരുന്നാലും ലോക്കൽ ഫണ്ട് ഓഡിറ്റ് നിർദ്ദേശിച്ച അത്രയും തുകയായ 5,09,828/- രൂപ അപേക്ഷകരിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്നും ശ്രീ.ശ്രീകുമാർ പ്രതിവാദ പത്രികയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധന നടന്നില്ലായിരുന്നുവെങ്കിൽ സർ ക്കാരിന് ഭീമമായ വരുമാന (5,09,828/- രൂപ) നഷ്ടമുണ്ടാകുമായിരുന്നു. വിജിലൻസ്-ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധനകളാണ് സർക്കാരിന് ധനനഷ്ടം ഒഴിവാക്കിയതെന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ, ഒറ്റപ്പാലം നഗരസഭയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമികാന്വേഷണത്തിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ശ്രീകുമാറിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിൽ അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ടിയാളുടെ **ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടയുക എന്ന ശിക്ഷ നല്കി അച്ചടക്ക നടപടി തീർപ്പാക്കി** ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1) ശ്രീ. ശ്രീകുമാർ K.S. (PEN:686892), ഒന്നാം ഗ്രേഡ് ഓവർസിയർ, ഒറ്റപ്പാലം നഗരസഭ. **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
2) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം.**(ഈ ഉത്തരവുപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുവാനായി)**
3) വിജിലൻസ് (D) വകുപ്പ് ( 10.08.21 ലെ വിജി- D1/322/2019/വിജി നമ്പർ കുറിപ്പ് പ്രകാരം)
4) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
6) തദ്ദേശ സ്വയംഭരണ(EWB) വകുപ്പ് (DPC List സംബന്ധിച്ച നടപടികൾക്കായി)
7) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8) കരുതൽ ഫയൽ /ഓഫിസ് പകർപ്പ്.(EWA4/266/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by Asha. R
Date: 20-01-2026 11:22:24

സെക്ഷൻ ഓഫീസർ